Experience makes a man perfect ( അനുഭവങ്ങൾ ഒരു മനുഷ്യനെ പൂർണതയിലെത്തിക്കുന്നു ). ദേശങ്ങളും, സംസ്കൃതിയും അവരുടേതായ അനുഭവങ്ങൾ പങ്കു വയ്ക്കാൻ എന്നും ആരെയെങ്കിലും തിരഞ്ഞെടുക്കും. ജീവിതത്തിലെ കുറച്ചു കാലഘട്ടം ചിലവഴിച്ച ദേശത്തിലെ പലരുടെയും ജീവിതാനുഭവം ചുരുക്കം വാക്കുകളിൽ ഫ്ലാഷ് ഫിക്ഷൻ രീതിയിൽ നമുക്ക് മുന്നിൽ എത്തിച്ച ഒരു യുവ കഥാകൃത്താകട്ടെ ഈ ആഴ്ചയിലെ പ്രതിഭ.

ജോഫി ജോൺ
സീനിയർ മാനേജർ
ബാങ്ക് ഓഫ് ഇന്ത്യ
സോണൽ ഓഫീസ് , എറണാകുളം

ആലുവയിൽ നൃത്ത നൃത്യങ്ങളുടെ ചമയങ്ങളും, ആടയാഭരണങ്ങളും വിൽക്കുന്ന ഒരു ചെറു സ്ഥാപനത്തിന്റെ ഉടമ ആയ ശ്രീ ജോണിയുടെയും, വീട്ടമ്മയായ ഷെല്ലബി ജോണിയുടെയും മൂന്നു മക്കളിൽ രണ്ടാമൻ. പുത്തൻവേലിക്കര പ്രസന്റേഷൻ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ ആയ നൈസി ജോൺ മൂത്ത സഹോദരിയും,ആലുവയിൽ ബിസിനസ്സ് ചെയ്യുന്ന ജോമി ജോൺ ഇളയ സഹോദരനും.

സ്കൂൾ മുതൽ ബിരുദ തലം വരെയുള്ള പഠനം സ്വദേശമായ ആലുവയിൽ ആയിരുന്നു. നിർമല ഹൈസ്കൂളിലും. വിദ്യാധിരാജ വിദ്യാഭവനിലും ആയി സ്കൂൾ പഠനം പൂർത്തിയാക്കി. പ്ലസ് ടൂ പഠനം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും. മാറമ്പള്ളി MES കോളേജിൽ നിന്നും 2003 മുതൽ 2006 വരെയുള്ള ബിരുദ പഠനകാലത്തു (BBA) വെള്ളിത്തിരയിൽ ഇപ്പൊ അറിയപ്പെടുന്ന കൃഷ്ണശങ്കറും, (നേരം, പ്രേമം മുതലായ സിനിമയിലെ അഭിനേതാവ് ) അൽഫോൻസ് പുത്രനുമൊക്കെ സതീർഥ്യർ ആയിരുന്നു . കേരള സർവകലാശാലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ആലപ്പുഴ സെന്ററിൽ നിന്നും Marketing and Finance ൽ 2007 – 2008 ൽ (MBA) ബിരുദാനന്തര ബിരുദം നേടി. അക്കാലയളവിൽ പ്ലേസ്മെന്റ് ബ്രോഷർ ഒക്കെ തയ്യാർ ആക്കാൻ അവസരം ലഭിച്ചിരുന്നു.

സ്കൂൾ പഠന കാലത്തു റെഡ് ക്രോസ്സിൽ ഒക്കെ സജീവമായിരുന്നു.

പഠന ശേഷം അധികം വൈകാതെ 2009 ൽ SBI യുടെ വയനാട് കൈനാട്ടി ശാഖയിൽ റൂറൽ ഓഫീസർ (മാർക്കറ്റിംഗ്) ആയി താത്കാലികമായി ജോലി ലഭിച്ചു . 2010 വരെ അവിടെ തുടർന്നു. ജീവിത ഗന്ധിയായ പല അനുഭവങ്ങൾക്കും നേർസാക്ഷിയാകാനും, അവയെ കുറിച്ച് മറ്റുള്ളവരിൽ നിന്നും അറിയാനുമൊക്കെ അന്നത്തെ ജീവിത ദിനങ്ങളിൽ നിന്നും കഴിഞ്ഞു. അവയിൽ പലതുമാണ് പിന്നീട് അക്ഷരങ്ങളായി നമുക്ക് മുന്നിൽ വന്നതും.

സ്ഥിരതയുള്ളൊരു ജോലി എന്നത് വീണ്ടും ബാങ്കിങ് കരിയറിൽ തന്നെ എത്തിച്ചു. പിന്നീട് ബാങ്ക് ജോലിക്കു വേണ്ടി പരിശ്രമിക്കുന്നവരുടെ മെക്ക എന്നറിയപ്പെടുന്ന കൊല്ലം IES ൽ കുറച്ചു നാൾ പഠനം. ശേഷം അവിടെ തന്നെ ബാങ്ക് കോച്ചിങ് കുട്ടികൾക്ക് പകർന്നു നൽകുന്ന അധ്യാപകന്റെ വേഷം അണിയാനായിരുന്നു അടുത്ത നിയോഗം. ഏതാണ്ട് ആറു മാസത്തോളം അങ്ങനെ പോയി.

2012 ൽ ബാങ്ക് ഓഫ് ഇന്ത്യയിൽ മാനേജർ ആയി ജോലി ലഭിച്ചു. ആദ്യ നിയമനം കേരളാ സോണൽ ഓഫീസിൽ മാർക്കറ്റിംഗ് വിഭാഗത്തിൽ. 2013 ൽ എറണാകുളം എം ജി റോഡ് ശാഖയിലേക്ക്. ഒരു വർഷം കഴിഞ്ഞപ്പോൾ വീണ്ടും സോണൽ ഓഫീസിലേക്ക് മാറ്റി. 2018 ൽ അടുത്ത ഊഴം ചെന്നൈയിലോട്ട്. 2020ൽ വീണ്ടും കേരളത്തിലേക്ക്.

കുടുംബത്തിൽ കലയുമായി ബന്ധം ഉണ്ടെന്നു പറയാൻ ഉള്ളത് പിതാവിന്റെ അകന്ന ബന്ധത്തിൽ ഉള്ള കേരള സാഹിത്യ അക്കാദമി മുൻ ചെയർമാനും പ്രശസ്ത നാടകകൃത്തും ആയ ശ്രീ C L ജോസ് ആണ്. ചമയങ്ങൾ വിൽക്കുന്ന ഒരു സ്ഥാപനം കുടുംബത്തിന്റേതു ആയി ഉള്ളതിനാൽ അവയുമായി ബന്ധപ്പെട്ട കലാകാരന്മാരെ കുറച്ചു പേരെയും ചെറുപ്പം മുതൽ അറിയാം.

അരങ്ങുമായി സ്കൂൾ പഠന കാലയളവിൽ വലിയ ബന്ധമൊന്നും ഇല്ലായിരുന്നു. ബിരുദ പഠന കാലയളവിൽ നാടകം,മൈമ്, സ്കിറ്റ് മുതലായവയിൽ സ്ഥിര സാന്നിധ്യം ആണ് അരങ്ങുമായി ഉള്ള ബന്ധം. കൂടാതെ ഡിഗ്രീ പഠന കാലയളവിൽ "എട്ടു സുന്ദരികളും ഞാനും" എന്ന സീരിയലിൽ ഒരപ്രധാന വേഷവും ചെയ്യാൻ ഭാഗ്യം ലഭിച്ചു, അതും ഒരു തെരുവ് ഗുണ്ടയുടെ വേഷത്തിൽ.

ആദ്യ തൊഴിൽ നിയമനം ലഭിച്ച വയനാട് ജോഫീക്ക് എഴുത്തിന്റെ ഒരുപാട് നേരനുഭവങ്ങൾ സമ്മാനിച്ചു . കൂടാതെ വാമൊഴിയായും നാട്ടുകാരായ പലരിൽ നിന്നും അറിഞ്ഞതൊക്കെയും എഴുത്തിനു വിഷയങ്ങളായി. ചുരം കയറി വരുന്ന കോടമഞ്ഞിനൊപ്പം ഇവയും ജോഫിയുടെ സൃഷ്ടികളിൽ ഒരു നനുത്ത നൊമ്പരമായി നമ്മിൽ പടർന്നു കയറുന്നു.

നവമാധ്യമങ്ങളിൽ കൂടി പ്രസിദ്ധീകരിച്ചവയൊക്കെ ചേർത്ത് ഒരു പുസ്തകമായി പ്രസിദ്ധീകരിക്കാൻ സാധിച്ചത് അടുത്തിടെയാണ്. നല്ലെഴുത്ത് , എഴുത്തുപുര, പ്രതിലിപി, എന്റെ തൂലിക, കവിതകളുടെ ലോകം, എൻ്റെ കവിതകൾ മുതലായ നവസാമൂഹ്യ മാദ്ധ്യമങ്ങളിൽ രചനകൾ പലപ്പോഴായി നേരത്തെ പ്രസിദ്ധപ്പെടുത്തിയിരുന്നു.

ചുറ്റിലും കാണുന്നതൊക്കെ കുത്തി കുറിച്ചു വയ്ക്കുന്ന ശീലം പണ്ടേയുണ്ട്. പലതും ഹ്രസ്വമായവ. സ്വന്തമായി എഴുതി

പ്രസിദ്ധീകരിക്കണം എന്ന മോഹം പൂവണിഞ്ഞത് പിന്നീട് വർഷങ്ങൾക്കു ശേഷം. ജോലി ഒക്കെ ലഭിച്ചു സ്വന്തം കാലിൽ നില്ക്കാൻ തുടങ്ങിയപ്പോൾ ആണ് അത് വരെ കുത്തി കുറിച്ച് വച്ചിരുന്നതൊക്കെ ചേർത്ത് ഒരു പുസ്തകം ആയി അടുത്തിടെ "ചങ്ങലകളുടെ മർമ്മരം " എന്ന പേരിൽ പ്രസിദ്ധീകരിച്ചത്. പലപ്പോഴായി എഴുതിയ ഇരുപതോളം കഥകൾ, അവയിൽ പലതും നല്ലെഴുത്തു പോലുള്ള ഓൺലൈൻ പോർട്ടൽ വന്നതുമാണ്.

സിവിൽ സർവീസിന് വേണ്ടി പരിശീലനം നേടുന്ന ശ്രീമതി ദീപ ടോമിയാണ് ജോഫിയുടെ ജീവിതത്തിന്റെ നല്ല താൾ. ആലുവ സേവിയേഴ്സ് കോളേജിൽ ഗസ്റ്റ് ലെക്ച്ചറർ ആയി ദീപ കുറച്ചു കാലം ജോലി നോക്കിയിരുന്നു. സിവിൽ സർവീസ് എന്ന ലക്ഷ്യം നേടിയെടുക്കാൻ ജോലി രാജി വച്ച് ഇപ്പൊ പൂർണ ശ്രദ്ധ കേന്ദ്രീകരിച്ചു പഠിക്കുന്നു. 5 വയസ്സുകാരൻ ആയ സാവിയോ ആണ് ഏക മകൻ.

ജോലിത്തിരക്കിനിടയിലും എഴുത്തിൽ പരിപൂർണ പിന്തുണ നൽകുന്ന കുടുംബമാണ് തനിക്കുള്ള പ്രചോദനമെന്നു മടി കൂടാതെ ജോഫി പറയുന്നു. ആദ്യ കഥാ സമാഹാരം തന്നെ കുടുംബത്തിന് സമർപ്പിച്ചത് അതിനുള്ള നേർ സാക്ഷ്യം.

കുറച്ചു കൂടി വലിപ്പമുള്ള ഒരു ക്യാൻവാസിൽ ഒരു നോവലിന്റെ രചനയുടെ തുടക്കത്തിലാണ് ജോഫി. മനുഷ്യ ബന്ധങ്ങളും, പ്രകൃതിയും, ഇട കലർന്ന നേർക്കാഴ്ചയായ ഒരു കൃതി ജോഫിയിൽ നിന്നും നമുക്ക് പ്രതീക്ഷിക്കാം. എഴുത്തിൽ തന്റേതായ പാത പിന്തുടരുവാൻ ശ്രമിക്കുന്ന ഈ യുവ എഴുത്തുകാരന് ടാലന്റഡ് ബാങ്കേഴ്സ് വക ഭാവുകങ്ങൾ .

**https://www.facebook.com/groups/kavithakalgroup/permalink/6280729265285662/**

https://malayalam.pratilipi.com/user/v7e9sr4f25...

https://bloomingkalakar.com/blooming-kalakar-poetry-and.../

**https://www.facebook.com/groups/1725045934377816/permalink/2248154265400311/**

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, കടപ്പാക്കട, കൊല്ലം

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

-----------------------------------------------------------------------------------------------

“Experience makes a man perfect.” A region and its culture choose a person to reveal its rich history and experiences. Today’s Talented Banker is a young writer whose flash fictions bring before us the subtle experiences of various people inhabiting a locale where he spends a part of his life journey.

Jofy John
Senior Manager
Bank of India
Zonal Office, Ernakulam

He is the second of the three children of Johny, who owns a shop selling dance costumes and ornaments in Aluva, and Fleby Johny, a housewife. His elder sister Nicy John is an Assistant Professor in the Puthenvelikkara Presentation College and his younger brother Jomy John is a businessman in Aluva.

He spent his school and college years in his hometown Aluva. He did his schooling from Nirmala High School and Vidyadhiraja Vidya Bhavan and went to Government Boys' Higher Secondary school, Aluva for completing his 12th grade. He did his BBA from the MES College, Marampally from 2003 to 2006, the same time as Krishna Sankar (actor in movies like ‘Neram' and ‘Premam') and Alphonse Puthren. He did his MBA from the Kerala University Institute of Management, Alappuzha during 2007-08. He got the opportunity to prepare placement brochures during this period. He was quite active in the Red Cross Society while at school.

Right after studies he joined SBI in 2009 at the Wayanad Kainatty branch, temporarily posted as the Rural officer (Marketing) and continued there till 2010. There he witnessed the heart touching experiences of many people and also heard many life stories from the people there. And many of these found their way to his stories.

His search for a permanent job found its way to the banking career itself. And he enrolled himself at the Kollam IES, a well-known bank coaching centre. There he ended up as a faculty spreading knowledge to other students, for around six months.

In 2012 he got posted as Manager in Bank of India. His first posting was in the Kerala Zonal Office marketing department. He got transferred to the Ernakulum MG Road branch in 2013. After a period of one year, he came back to the Zonal Office. Then in 2018 he got a transfer to Chennai and return to Kerala by 2020.

The only person in his family with an affinity to arts was his father’s distant relative, Sri. C.L.Jose , the famed playwright and earlier Chairman of the Kerala Sahitya Academy. He also has acquaintance with a few artists as his family owns a shop that sells dance ornaments and costumes. He hadn’t appeared on stage during his school days. During his graduation he participated in drama, mimes and skits regularly. During the same time he could also play a character in the serial “ Ettu sundarikalum njanum" as a street goon.

Wayanad, where Jofy started his career, gave him a lot of experiences which awoke the writer in him. Also many experiences shared by the natives of the place found their way to his stories.

These subjects walk before us as we read, leaving behind a melancholy as we close the book.

It was recently that he published a collection of his various stories that were already shared through online portals. His works were presented through 'Nallezhuthu', 'Ezhuthupura', 'Prathilipi', 'Ente thoolika', 'Kavithakalude lokam' and 'Ente kavithakal'.

He used to jot down whatever he noticed around him. Mostly short notes. It was only later, after securing the job and being independent that he thought of getting his works published. Thus was born "Changalakalude marmmaram", a collection of around 20 stories written during various stages of his life, most of which had already appeared in online portals like 'Nallezhuthu'.

His spouse, Smt. Deepa Tomy is presently preparing for the Civil Services examination. She quit her job as a guest lecturer at the Aluva Xavier's college in order to pursue her passion of being a Civil servant. Aaya Savyo is their 5 – year – old pride!

He says that the support of his family amidst all the work pressure, is the encouragement that moves him forward. No wonder he has dedicated the first collection of stories to his family.

Jofy is presently preparing to write a novel. We may expect an enriching reading of human emotions and relationships and nature in his upcoming novel. We take this opportunity to wish him all the best to continue his writing spree.